'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - വാളകം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. അനിൽകുമാർ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം.എം. സുബൈദ, മുൻ പാർട്ട് ടൈം ഫൗണ്ട് കീപ്പർ ശ്രീ. സലിം പി.യു. എന്നിവർക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2185/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/10/2019**

---

പരാമർശം:- 1 പോലീസ് ഡയറക്ടർ ജനറൽ (ക്രൈംസ്), തിരുവനന്തപുരം-ന്റെ 13.03.2018-ലെ ഡി2/11866/സിആർ/2010 നമ്പർ കത്ത്

2 എറണാകുളം സി.ബി.സി.ഐ.ഡി. ഒ.സി.ഡബ്ല്യു II പോലീസ് സൂപ്രണ്ടിന്റെ 06.03.2018-ലെ ഡി1/6178/സിബി ഒ.സി.ഡബ്ല്യു II/ഇകെഎം/2017 നമ്പർ റിപ്പോർട്ട്

3 വാളകം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. അനിൽകുമാർ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം.എം. സുബൈദ, മുൻ പാർട്ട് ടൈം ഫൗണ്ട് കീപ്പർ ശ്രീ. സലിം പി.യു. എന്നിവർക്ക് നൽകിയ 21.07.2018-ലെ 105/ഇപിബി2/2018/തസ്വഭവ നമ്പർ കുറ്റപത്രങ്ങൾ

4 ശ്രീ. എൻ. അനിൽകുമാർ, ശ്രീമതി. എം.എം. സുബൈദ. ശ്രീ. സലിം പി.യു. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിൽപ്പെട്ട മോളേപ്പടി - വാത്യാംപിള്ളി, പൊറ്റവേലിക്കുടി - അരിയാറ്റിപ്പടി, അഞ്ചുംകവല കോളനി എന്നീ റോഡുകൾ 2004-2005 കാലയളവിൽ ടാറിംഗ് വർക്ക് നടത്തുന്നതിലേക്ക് വാളകം ഗ്രാമപഞ്ചായത്ത് 29 ബാരൽ ബിറ്റുമിൻ വാങ്ങിയെന്ന് കാണിക്കുന്ന ഭാരത് പെട്രോളിയം കോർപ്പറേഷൻ കൊച്ചിയുടെ പേരിലുള്ള വ്യാജ ബിറ്റുമിൻ ഇൻവോയിസ് ഹാജരാക്കി സർക്കാർ പണമായ62,756/- രൂപ തിരിമറി നടത്തിയതിലേക്ക് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ട് പരിശോധിച്ചതിൽ ശ്രീ. രാജു പി.എ, വാളകം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായ ശ്രീ. എൻ. അനിൽകുമാർ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം.എം. സുബൈദ, പാർട്ട് ടൈം ഫൗണ്ട് കീപ്പർ ശ്രീ. സലിം പി.യു., ശ്രീ. രാജേഷ് എന്നിവർ ചേർന്ന് കേരള സർക്കാരിനെ ചതി ചെയ്ത് സർക്കാർ പണമായ 62,756/- രൂപ നിയമ വിരുദ്ധമായി കൈപ്പറ്റിയതായി വെളിവായിട്ടുണ്ട്. ടി പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹു. മൂവാറ്റുപുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും ടാർ വാങ്ങേണ്ടത്

പഞ്ചായത്ത് സെക്രട്ടറിയുടെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലാണ് വേണ്ടതെന്നും ടെണ്ടർ നോട്ടീസിൽ ബിറ്റുമിൻ ഡിപ്പാർട്ട്മെന്റ് വിതരണം ചെയ്യുന്നതായി പറഞ്ഞിട്ടില്ലാത്തതായും ഓയിൽ കമ്പനിയിൽ നിന്നും ടാർ വാങ്ങുന്നതിനായി ഏതെങ്കിലും സ്വകാര്യ വ്യക്തിയെ പഞ്ചായത്തിന്റെ പണം ഏൽപ്പിച്ച് ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുന്നതിനോ, ഡിമാന്റ് ഡ്രാഫ്റ്റ് ഉൾപ്പെടെ പഞ്ചായത്ത് സെക്രട്ടറിയുടെ ലെറ്റർ പഞ്ചായത്തിന്റെ നേരിട്ടുള്ള ചുമതലയില്ലാത്ത സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ച് അയക്കുന്നതോ നിയമാനുസൃതമല്ലായെന്നുമിരിക്കെ ഈ കാര്യങ്ങളിൽ ഈ കേസ്സിലെ റോഡു വർക്കുകളുടെ നിർവ്വഹണോദ്യോഗസ്ഥനും വാളകം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന എൻ. അനിൽകുമാർ വീഴ്ച വരുത്തിയിട്ടുള്ളതാണെന്നും, വാളകം ഗ്രാമപഞ്ചായത്ത് മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം.എം. സുബൈദ, വാളകം ഗ്രാമപഞ്ചായത്ത് മുൻ പാർട്ട് ടൈം പൗണ്ട് കീപ്പർ ശ്രീ. സലിം പി.യു. എന്നിവർ സ്വകാര്യ വ്യക്തിയായ ശ്രീ. രാജു പി.എ, പഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ.അനിൽകുമാർ എന്നിവരോടൊത്ത് ഗൂഢാലോചനയിൽ പങ്കാളികളായി കൃത്യം ചെയ്യുന്നതിനുള്ള ഒത്താശ ചെയ്തു കൊടുത്തിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടുള്ളതായും ഇപ്രകാരം ശ്രീ. എൻ. അനിൽകുമാർ, ശ്രീമതി.എം.എം. സുബൈദ, ശ്രീ.സലിം പി.യു. എന്നീ ഉദ്യോഗസ്ഥർ ടിയാളുകളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. അനിൽകുമാർ, ശ്രീമതി. എം.എം.സുബൈദ, ശ്രീ.സലിം പി.യു. എന്നിവർക്ക് പരാമർശം (3) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാളുകൾ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകൾ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എൻ. അനിൽകുമാർ, ശ്രീമതി. എം.എം.സുബൈദ, ശ്രീ.സലിം പി.യു. എന്നിവർക്കെതിരെ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ ടിയാളുകൾക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം വാളകം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. അനിൽകുമാർ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം.എം. സുബൈദ, മുൻ പാർട്ട് ടൈം പൗണ്ട് കീപ്പർ ശ്രീ. സലിം പി.യു. എന്നിവർക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം

   (പരാമർശം (1), (2), (3), (4) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ശ്രീ. അനിൽകുമാർ, മുൻ സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. ശ്രീ. എം.എം. സുബൈദ, മുൻ സെക്ഷൻ ക്ലാർക്ക്, വാളകം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

5. ശ്രീ. സലിം പി.യു, മുൻ പാർട്ട് ടൈം പൗണ്ട് കീപ്പർ, വാളകം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

7. പ്രസിഡന്റ്/സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത്

8. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/105/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ